LIBRARY ARCHIVES Kerala Legislative Assembly

പള്ളപ്പാടി-മിൻച്ചിപ്പദവ് റോഡ് പുനർനിർമ്മാണം

57 (1431) ശ്രീ. എൻ.എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പള്ളപ്പാടി മിൻച്ചിപ്പദവ് റോഡ് പുനർ നിർമ്മിക്കുന്നതിന് ഏതെങ്കിലും ജനപ്രതിനിധി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കിലോമീറ്റർ ദൈർഘ്യമാണ് ഈ റോഡിനുള്ളത്; ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്; എസ്റ്റിമേറ്റ് തയ്യാറാക്കിയതാരാണ് വ്യക്തമാക്കാമോ;

(സി) ഈ റോഡ് പ്രവൃത്തി നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് XIX-ലെ മുൻഗണനാക്രമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ നബാർഡിന്റെ അംഗീകാരം ലഭിക്കുന്നതിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1.2 കി.മീ. ആണ് റോഡിന്റെ നീളം, എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 50 ലക്ഷത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ, കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(സി) XIX-ലെ മുൻഗണനാക്രമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പിന്നീട് XXI-ാം ടാബ്ലെയിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

സ്റ്റേറ്റ് സ്കീമുകളുടെ പ്രോസസിംഗ് റിപ്പോർട്ട്

58 (1432) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ സ്റ്റേറ്റ് സ്കീമുകളുടെ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിലുള്ള 2016 ജനുവരി 31-ലെ പ്ലാൻ എക്സ്പെന്റിച്ചർ പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കാമോ;